**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1661** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **കോതമംഗലം മണ്ഡലത്തിൽ 2022-23 വർഷം വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി 121 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.** |
| (ബി) | ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കി എന്നും അതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | 84 കർഷകർക്ക് 13,46,200/- രൂപ (പതിമൂന്ന് ലക്ഷത്തി നാൽപ്പത്താറായിരത്തി ഇരുനൂറ് രൂപ മാത്രം) അനുവദിച്ച് നൽകി. |
| (സി) | വിള ഇൻഷ്വറൻസിന് വേണ്ടി അപേക്ഷിച്ചിട്ടുള്ള എത്ര കർഷകർക്ക് ഇനി നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ടെന്നും അതിനായി ഏകദേശം എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; | (സി) | 37 കർഷകർക്കായി 5,95,000/- രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ മാത്രം) ഇനിയും വേണ്ടി വരും. |
| (ഡി) | 2022-23 വർഷത്തിൽ വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുകയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ നിന്നും വിള ഇൻഷ്വറൻസിന് വേണ്ടി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ കർഷകർക്കും വേഗത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | അർഹരായ മുഴുവൻ കർഷകർക്കും വിള ഇൻഷ്വറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ